പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1654 08-06-2018-ലെ മറുപടിയ്ക്ക്

# കാലാവസ്ഥ വ്യതിയാനം കാരണമുണ്ടായ കാർഷിക സാമ്പത്തിക നഷ്ടം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ. ശശി** | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് 2016-17, 2017-18 കാലയളവിൽ കാലാവസ്ഥ വ്യതിയാനം കാരണമുണ്ടായ വരൾച്ച, ജലദൗർഭ്യം, കാലവർഷം, ഓഖിചുഴലിക്കാറ്റ് എന്നിവയും മറ്റ് ദുരന്തങ്ങളും മൂലം എത്ര ഹെക്ടർ ഭൂമിയിൽ കൃഷിനാശം സംഭവിച്ചുവെന്നും ഏതെല്ലാം മേഖലകളിലെ കർഷകരെ ഇത് ബാധിച്ചുവെന്നും ഇതുമൂലം കർഷകർക്കുണ്ടായ സാമ്പത്തിക നഷ്ടം എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | **(എ)** 2016-17, 2017-18-ലെ തെക്കുപടിഞ്ഞാറൻ, വടക്കു കിഴക്കൻ മൺസൂൺ കാലയളവിലും പ്രീ മൺസൂൺ കാലയളവിലുമായി 74,420 ഹെക്ടർ കൃഷി ഭൂമിയിലെ വിളകൾക്ക് പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചതായി അനുമാനിക്കുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രധാനപ്പെട്ട എല്ലാ വിളകൾക്കും കൃഷിനാശം സംഭവിച്ചിട്ടുണ്ട്.<br><br>കഴിഞ്ഞ രണ്ട് സാമ്പത്തികവർഷത്തിൽ ലഭിച്ച പ്രാഥമിക വിവര റിപ്പോർട്ടുകൾ അനുസരിച്ച് 1256 കോടി രൂപയുടെ കൃഷിനാശം സംഭവിച്ചതായി കണക്കാക്കുന്നു. |
| **(ബി)** ഇത്തരത്തിൽ ദുരിതമനുഭവിച്ച കർഷകരെ സഹായിക്കാനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | **(ബി)** പ്രകൃതിക്ഷോഭത്താൽ കൃഷിനാശം സംഭവിച്ച വിളകൾക്ക് നഷ്ടപരിഹാരമേകുന്നതിനായി സംസ്ഥാന സർക്കാർ കാലോചിതമായി പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ഇൻഷ്വർ ചെയ്യാത്ത വിളകളെ സംബന്ധിച്ചിടത്തോളം സംസ്ഥാന ദുരിതാശ്വാസ ഫണ്ടിൽനിന്നും ആനുകൂല്യം അനുവദിച്ച് വരുന്നുണ്ട്. കൃഷി വകുപ്പിന്റെ വിഹിതമായി സംസ്ഥാന സർക്കാർ ഈയിനത്തിൽ, 2016-17-ൽ 52 കോടി രൂപ കർഷകർക്ക് നൽകിയിരുന്നു. ഇതുകൂടാതെ പ്രധാനമന്ത്രി ഫസൽ ഭീമ യോജന പദ്ധതിയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയും കേന്ദ്ര സർക്കാർ പദ്ധതികളുടെ ഭാഗമായി നടപ്പാക്കുന്നുണ്ട്. |

| | |
|---|---|
| **(സി)** ഇവരെ സഹായിക്കാനായി എത്ര തുകയുടെ കേന്ദ്രസഹായം അഭ്യർത്ഥിച്ചു; പ്രസ്തുത കാലയളവിൽ ലഭ്യമായ തുക എത്ര; സംസ്ഥാനസർക്കാർ ഇവരെ സഹായിക്കാനായി എത്ര തുക ചെലവാക്കി; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ? | **(സി)** ഓഖി ദുരന്തത്തോടനുബന്ധിച്ച് കൃഷിനാശത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാരിനോട്, 14 കോടി രൂപ ആവശ്യപ്പെട്ടിരുന്നു. 2016-18 കാലയളവിൽ, 39.54 കോടി രൂപ വിവിധ ജില്ലകൾക്കായി, സംസ്ഥാന ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചു. ഇതു കൂടാതെ കൃഷി വകുപ്പിന്റെ വിഹിതമായി, 2016-17-ൽ, 52 കോടി രൂപ കർഷകർക്കായി നൽകിയിട്ടുണ്ട്.<br><br>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി 2016-17-ൽ 2478 കർഷകർക്ക് 159.87 ലക്ഷം രൂപയും 2017-18-ൽ, 11202 കർഷകർക്കായി 876.18 ലക്ഷം രൂപയും വിളനാശത്തിനുള്ള നഷ്ടപരിഹാരമായി കർഷകർക്ക് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**